ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് (ഇ) വകുപ്പ്

തിരുവനന്തപുരം, തീയതി 13-07-2017

<u>താത്പര്യപത്രം ക്ഷണിക്കുന്നു</u>

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ന്യൂസ് പോർട്ടലായ www.keralanews.gov.in അതിന്റെ രൂപകൽപന, കണ്ടന്റ് സജ്ജീകരണം, ഉപയോഗസൗഹൃദം എന്നിവ മെച്ചപ്പെടുത്തി പുനരാവിഷ്കരിക്കുന്നതിനായി നിശ്ചിത യോഗ്യതയുള്ള സ്ഥാപനങ്ങളിൽ നിന്ന് താത്പര്യപത്രം ക്ഷണിക്കുന്നു.. പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ – www.prd.kerala.gov.in 'What's New' എന്ന സെക്ഷനിൽ നൽകിയിട്ടുള്ള 'IPRD ന്യൂസ് പോർട്ടൽ താത്പര്യപത്രം - നിബന്ധനകൾ' വിധേയമായിരിക്കണം താത്പര്യപത്രം സമർപ്പിക്കേണ്ടത്. താത്പര്യപത്രം 2017 ജൂലൈ 29, 4 മണിക്ക് മുൻപായി താഴെ പറയുന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്.

ഡയറക്ടർ

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്

ഗവൺമെൻറ് സെക്രട്ടേറിയറ്റ്

സൗത്ത് ബ്ലോക്

തിരുവനന്തപുരം – 1

ഫോൺ നമ്പർ: 0471-2322150, 2517261

## IPRD ന്യൂസ് പോർട്ടൽ താത്പര്യപത്രം - നിബന്ധനകൾ

ആവശ്യമായ മാനവശേഷി, സാങ്കേതികമായ സൗകര്യങ്ങൾ എന്നിവ ഉള്ള, കേരളത്തിൽ പ്രവർത്തിക്കുന്ന ഏജൻസി ആയിരിക്കണം

വെബ്സൈറ്റ് നിർമ്മാണം, അപ്ലിക്കേഷൻ ഡെവലപ്മെന്റ്, നൂതന കണ്ടെന്റ് മാനേജ്മന്റ് സിസ്റ്റം, സെർച്ച് എൻജിൻ ഒപ്റ്റിമൈസേഷൻ എന്നിവയിൽ മികവ് ഉണ്ടായിരിക്കണം.

5 വർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയം, ഒരു സർക്കാർ ക്ലയന്റിന് വേണ്ടിയെങ്കിലും വെബ്സൈറ്റ് സേവനങ്ങൾ നൽകിയിട്ടുള്ള പരിചയം.

വാർഷിക കരാറിൽ ഏർപ്പെട്ട് അതുപ്രകാരം സേവനം നല്കാൻ പ്രാപ്തരായിരിക്കണം.

താഴെ പറയുന്ന രേഖകളുടെ പകർപ്പ് താത്പര്യപത്രത്തോടൊപ്പം സമർപ്പിക്കണം:

ഐ.റ്റി.റിട്ടേൺസ്

സർക്കാർ ഉൾപ്പടെയുള്ള ക്ലൈന്റ്റ്സിൽ നിന്ന് ലഭിച്ചിട്ടുള്ള വർക്ക് ഓർഡർ കോപ്പികൾ.

ഇതുവരെ ഡെവലപ്പ് ചെയ്തിട്ടുള്ള വെബ്സൈറ്റുകളുടെ URL ഡീറ്റെയിൽസ്.

ഫിനാൻഷ്യൽ ബിഡ് സമർപ്പണം ഈ ഘട്ടത്തിൽ ആവശ്യമില്ല.

**മേൽ സൂചിപ്പിച്ചിട്ടുള്ള നിബന്ധനകൾ പാലിക്കുന്നവർ മാത്രമേ താത്പര്യപത്രം സമർപ്പിക്കാവൂ.**